# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4049</u>    <u>03.02.2014 ൽ മറുപടിക്ക്</u>

**<u>108 ആംബുലൻസുകളുടെ സേവനം വ്യാപിപ്പിക്കാൻ നടപടി</u>**

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. വി.എസ്. സുനിൽകുമാർ<br>ശ്രീമതി. ഇ.എസ്.ബിജിമോൾ<br>ശ്രീ. കെ. അജിത്<br>,, ചിറ്റയം ഗോപകുമാർ | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് എത്ര 108 ആംബുലൻസുകളുണ്ട് ; ഏതെല്ലാം ജില്ലകളിൽ എത്ര വീതം; | (എ) നിലവിൽ സംസ്ഥാനത്തൊട്ടാകെ 43 '108' ആംബുലൻസുകൾ സർവ്വീസ് നടത്തുന്നുണ്ട്. ഇതിൽ 25 എണ്ണം തിരുവനന്തപുരം ജില്ലയിലും 18 എണ്ണം ആലപ്പുഴ ജില്ലയിലുമാണുള്ളത്. |
| (ബി) സംസ്ഥാനത്തുള്ള 108 ആംബുലൻസുകളിൽ പ്രവർത്തന രഹിതമായ വാഹനങ്ങൾ എത്ര; വ്യക്തമാക്കാമോ; | (ബി) രണ്ട്. തിരുവനന്തപുരം ജില്ലയിൽ കാട്ടാക്കട ഗവൺമെന്റ് ആശുപത്രി കേന്ദ്രീകരിച്ച് സർവ്വീസ് നടത്തി വന്നിരുന്ന വാഹനം 27.01.2014 ൽ അപകടത്തിൽപ്പെടുകയും പ്രവർത്തനരഹിതമാവുകയും ചെയ്തു. മറ്റൊന്ന് ആലപ്പുഴ ജില്ലയിൽ അരൂക്കുറ്റി ഗവൺമെന്റ് ആശുപത്രി കേന്ദ്രീകരിച്ച് പ്രവർത്തിച്ചിരുന്ന വാഹനം 24.11.2013 ൽ അപകടത്തിൽപ്പെട്ട് പ്രവർത്തനരഹിതമായി. ഈ രണ്ടു വാഹനങ്ങളൊഴികെ മറ്റെല്ലാ '108' ആംബുലൻസുകളും കാര്യക്ഷമമായി സേവനം നടത്തുന്നുണ്ട്. |
| (സി) രോഗികൾക്ക് ആശ്രയമാകേണ്ടതും നിലവിൽ സർവ്വീസ് നടത്തിക്കൊണ്ടിരിക്കുന്നതുമായ പ്രസ്തുത ആംബുലൻസുകളിൽ ഓക്സിജൻ സിലിണ്ടറുകളും ജീവൻ രക്ഷാ മരുന്നുകളും ഇല്ലെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിന് എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ; | (സി) 2013 ഒക്ടോബർ മാസം 15-ാം തീയതി പുതിയ ഓപ്പറേറ്റിംഗ് ഏജൻസിയായ ജി.വി.കെ. ഇ.എം.ആർ.ഐ '108' ആംബുലൻസിന്റെ പ്രവർത്തനങ്ങൾ ഏറ്റെടുത്ത സമയത്ത് ഇത്തരമൊരു പരാതി ഉയർന്നതു ശ്രദ്ധയിൽപ്പെട്ടിരുന്നു. പുതിയ ഓപ്പറേറ്റിംഗ് ഏജൻസിക്ക് ഓക്സിജൻ സപ്ലൈ ചെയ്യുന്ന കമ്പനികളുമായി കരാറിൽ ഏർപ്പെടുന്നതിനും മരുന്നുകൾ ചെന്നൈയിൽ നിന്നും |

| | |
|---|---|
| | വരുത്തുന്നതിനുമുള്ള കാലതാമസം മൂലമാണ് ഇപ്രകാരം സംഭവിച്ചത്. സംഭവം ശ്രദ്ധയിൽപ്പെട്ടയുടൻ തന്നെ ഓപ്പറേറ്റിംഗ് ഏജൻസിയുടെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഇടപെടുകയും പ്രശ്നത്തിനു പരിഹാരം കാണുകയും ചെയ്തു. |
| (ഡി) എല്ലാ ജില്ലകളിലും 108 ആംബുലൻസിന്റെ സേവനം ലഭിക്കുന്നതിനുള്ള പദ്ധതികളുണ്ടോ ; എങ്കിൽ എത്ര കാലം കൊണ്ട് ഇത് പൂർത്തിയാക്കാൻ കഴിയുമെന്ന് വിശദമാക്കുമോ? | (ഡി) '108' ആംബുലൻസിന്റെ സേവനം എല്ലാ ജില്ലകളിലും വ്യാപിപ്പിക്കാനുള്ള പദ്ധതി തയ്യാറായി വരുന്നു. |

സെക്ഷൻ ഓഫീസർ